"ഭരണഭാഷ – മാതൃഭാഷ"

# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ലോക്ക് ഡൗൺ മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

**സ.ഉ.(കൈ) നം. 71/2020/പൊ.ഭ.വ** **തിരുവനന്തപുരം, തീയതി, 10.04.2020**

---

പരാമർശം : 1. സ.ഉ.(കൈ) നം. 49/2020/പൊ.ഭ.വ തീയതി, 23.03.2020

2. കേന്ദ്ര ആഭ്യന്തര മന്ത്രാലയം 24.03.2020, 25.03.2020, 27.03.2020, 02.04.2020, 03.04.2020 തീയതികളിൽ പുറപ്പെടുവിച്ച 40-3/2020-ഡി.എം-1 (എ) നമ്പരായുള്ള ഉത്തരവുകൾ

## ഉത്തരവ്

കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ലോക്ക് ഡൗൺ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാമർശിത ഉത്തരവുകൾ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ക്രമീകരണങ്ങളുടെ വ്യവസ്ഥകളിൽ ഇളവുകൾ നൽകിക്കൊണ്ട് ചുവടെപ്പറയുന്ന വിഭാഗങ്ങൾക്ക് ഉപാധികളോടുകൂടി പ്രവർത്തിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

(എ) എയർകണ്ടീഷണർ, ഫാൻ എന്നിവ വിൽക്കുന്ന കടകൾ എല്ലാ ഞായറാഴ്ചയും രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെ പരാമാവധി 3 ജീവനക്കാരെ നിയോഗിച്ച് കൊണ്ട് തുറന്നു പ്രവർത്തിക്കാവുന്നതാണ്.

(ബി) വയോജനങ്ങൾക്ക് കണ്ണടകൾ സംബന്ധിച്ച തകരാറുകൾ പരിഹരിക്കുന്നതിനും പുതിയ കണ്ണടകൾ വാങ്ങുന്നതിനും ഉതകുന്ന രീതിയിൽ കണ്ണടകൾ വിൽക്കുകയും നന്നാക്കുകയും ചെയ്യുന്ന കടകൾ എല്ലാ തിങ്കളാഴ്ചയും രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെ പരാമാവധി 2 ജീവനക്കാരെ നിയോഗിച്ച് കൊണ്ട് തുറന്നു പ്രവർത്തിക്കാവുന്നതാണ്.

(സി) കളിമൺ ജോലിയുമായി ബന്ധപ്പെട്ട ജീവനക്കാർ ഒരു വർഷത്തേക്കുള്ള മണ്ണ് സംഭരിക്കുന്ന കാലമായതിനാൽ തൊഴിലാളികളുടെ എണ്ണം പരമാവധി കുറച്ച് പ്രസ്തുത പ്രവൃത്തിയിലേർപ്പെടാവുന്നതാണ്.

(ഡി) വീടുകളിലിരുന്ന് ജോലി ചെയ്യുന്ന ബീഡി തൊഴിലാളികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സ്ഥാപനങ്ങളിൽ നിന്നും വീട്ടിലെത്തിക്കുന്നതിനും തെറുത്ത ബീഡികൾ വീട്ടിൽ നിന്നും തിരികെ സ്ഥാപനങ്ങളിലെത്തിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ അത്തരം പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ പരമാവധി ജീവനക്കാരെ കുറച്ച് തുറന്നു പ്രവർത്തിക്കാവുന്നതും ഈ ആവശ്യത്തിനായി തൊഴിലാളികൾക്ക് യാത്ര ചെയ്യാവുന്നതുമാണ്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ/തൊഴിലാളികൾ പ്രവർത്തിക്കുമ്പോൾ കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട **'ബ്രേക്ക് ദി ചെയിൻ'** പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**കെ. ആർ. ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, നിയമ വകുപ്പ്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ലേബർ കമ്മീഷണർ, തിരുവനന്തപുരം
വ്യവസായ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം



സെക്ഷൻ ഓഫീസർ